ആവശ്യമായ സ്ഥലത്തെസംബന്ധിച്ചാണ് അദ്ദേഹം ഇവിടെ ഒരുകാര്യം സൂചിപ്പിച്ചത്. ഇപ്പോൾ ഗവൺമെൻറ് എടുത്തിരിക്കുന്ന തീരുമാനമെന്നു പറയുന്നത് തളിപ്പറമ്പ് താലൂക്കിൽ ആണ്ടൂർ വില്ലേജിൽ മങ്ങാട്ടുപറമ്പ് എന്ന സ്ഥലത്ത് ഇത് സ്ഥാപിക്കണമെന്നുള്ളതാണ്. അതിനാണ് ഓർഡർ പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധസമിതിയിലെ ബന്ധപ്പെട്ട ആളുകൾ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് ഈ തീരുമാനമെടുത്തത്. അതിനുശേഷമാണ് ശ്രീ. കെ. പി. നൂറുദ്ദീനും ശ്രീ. എ. കെ. ശശീന്ദ്രനും പലപ്രാവശ്യമായി ഇക്കാര്യത്തെക്കുറിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇപ്പോൾ എടുത്തിരിക്കുന്ന സ്ഥലത്തേക്കാൾ അനുയോജ്യമായ സ്ഥലം അവിടെ ലഭ്യമാകുമെന്ന് പറഞ്ഞിട്ടുണ്ട്. എന്താണെങ്കിലും ഈ വിഷയത്തെ സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്തുന്നതിനുവേണ്ടി ജനപ്രതിനിധികളേയും ഉദ്യോഗസ്ഥൻമാരേയുംകൂടി ഒരു ചർച്ചയ്ക്കുവേണ്ടി ഞാനിന്ന് വിളിച്ചിട്ടുണ്ട്. ആ ചർച്ചയിൽവച്ച് അക്കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്. കോളേജുപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോളേജിൽ മറ്റ് തരത്തിലുള്ള ബുദ്ധിമുട്ടുകളൊന്നുമില്ല. ഇപ്പോൾ 160 സീറ്റുകളുണ്ട്. 118 കുട്ടികളെ പ്രവേശിപ്പിച്ചുകഴിഞ്ഞു. ബാക്കിയുള്ള കുട്ടികൾക്ക് സെലക്ഷൻ മൊത്തമോ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ആ കോളേജ് ഭംഗിയായിപ്രവർത്തിപ്പിക്കാൻ കഴിയും.

(3) അഴീക്കൽ തുറമുഖത്തിന്റെ വികസനം

ശ്രീമതി പി. ദേവൂട്ടി : സർ, ധാരാളം വികസന സാദ്ധ്യതയുള്ള ഒരു തുറമുഖമാണ് അഴീക്കൽ. ഇന്ന് ആ തുറമുഖത്തിന്റെ സ്ഥിതി വളരെ ശോചനീയമാണ്. അത് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്. മാറിമാറി വരുന്ന ഗവൺമെൻറുകൾ ജനങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി ആ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി പല അന്വേഷണങ്ങളും റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുണ്ടെങ്കിൽ തന്നെയും ഇതുവരെ യാതൊന്നുംതന്നെ ചെയ്തിട്ടില്ല. രണ്ടുവർഷം മുമ്പ് തുറമുഖത്തിന്റെ അഴിമുഖത്ത് ധാരാളം മണൽകൂമ്പാരങ്ങൾ ഉണ്ടായതിന്റെ ഫലമായി ആ മണൽതിട്ടയിൽ ഇടിച്ച് നാല് മനുഷ്യർ മരിക്കുകയും രണ്ട് ബോട്ടുകൾക്ക് കേട് സംഭവിക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴും ആ തുറമുഖത്ത് മണൽതിട്ട കൂമ്പാരമായി കിടക്കുകയാണ്. ഒറ്റ ബോട്ടിന് അങ്ങോട്ടു പോകാൻ കഴിയുന്നില്ല. തോണികൾക്കും പോകാൻ കഴിയുന്നില്ല. ഇതുമൂലം മൽസ്യത്തൊഴിലാളികൾ വളരെയധികം കഷ്ടപ്പെടുകയാണ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് അഴീക്കൽ തുറമുഖത്ത് ഒരു ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ് തുടങ്ങി. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വളരെയധികം ആളുകൾക്ക് ജോലി കൊടുക്കാൻ സാധിക്കുന്ന ഒരു യൂണിറ്റാണ് അത്. ആ യൂണിറ്റ് നല്ലനിലയിൽ പ്രവർത്തിക്കണമെങ്കിൽ അവിടെ കപ്പൽ വരണം. അവിടെ കപ്പൽ വരാൻ സാധിക്കുന്നുമില്ല. അങ്ങനെ അഴീക്കൽ തുറമുഖത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഇതുമൂലം മൽസ്യത്തൊഴിലാളികൾ വളരെയധികം കഷ്ടപ്പാട് അനുഭവിക്കുകയാണ്. ആ സ്ഥിതി കണക്കിലെടുത്തുകൊണ്ട് മീന എന്നു പറയുന്ന ഒരു മണ്ണുമാന്തി കപ്പൽ രണ്ടുവർഷം മുമ്പ് അവിടെ വന്നുവെങ്കിലും കാര്യമായി യാതൊന്നും ചെയ്യാൻ ആ കപ്പലിന് കഴിവുണ്ടായിരുന്നില്ല. ഈ അവസരത്തിൽ അവിടത്തെ മണ്ണ് നീക്കി മണൽതിട്ട മാറ്റി ബോട്ടു വരുന്നതിനും തോണി വരുന്നതിനും ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റിലേക്ക് കപ്പൽ വരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. തുറമുഖം വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ. 1985 ജനുവരി 25 മുതൽ ഫെബ്രുവരി 27 വരെ മീന, കേരള ഉപയോഗിച്ച് ഈ പോർട്ടിൽ മണ്ണുമാന്തൽ പ്രവർത്തനം നടത്തിയിരുന്നതാണ്. പ്രതികൂലമായ കാലവസ്ഥയുണ്ടായതുകൊണ്ട് അന്ന് തുടർന്ന് മണ്ണുമാന്തൽ നടത്താൻ കഴിഞ്ഞില്ല. 1986-87-ലെ ഡ്രഡ്ജിംഗ് പരിപാടിയിലും അവിടെ മണ്ണു മാന്തൽ നടത്തുന്നതിന് പരിപാടിയിട്ടിട്ടുണ്ട്. ഇത് നടത്താൻ ആവശ്യമായ നീളത്തിൽ പൈപ്പ്‌ലൈൻ അവിടെ വാങ്ങുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്. അത് പൂർത്തിയായാൽ ഡിസംബർ ആദ്യവാരത്തോടുകൂടി അഴീക്കൽ തുറമുഖത്ത് മണ്ണുമാന്തൽ ആരംഭിക്കുന്നതും മേൽപ്പറഞ്ഞ കാര്യങ്ങളും പൂർത്തിയാകുന്നതുമാണ്. അത് പൂർത്തിയാകുമ്പോൾ മൽസ്യബന്ധനത്തിനു പൊതുവേയും മറ്റ് യാനപാത്രങ്ങൾക്കും വരാനും സൗകര്യമുണ്ടാകും. അഴീക്കൽ തുറമുഖ വികസനത്തിന് അഞ്ചുലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. മൊത്തത്തിൽ 850 ലക്ഷം രൂപ അടങ്കൽ വരുന്ന ഒരു വിശദമായ പദ്ധതിക്ക് ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. നീണ്ടകര, ബേപ്പൂർ, വിഴിഞ്ഞം, അഴീക്കൽ എന്നീ തുറമുഖങ്ങളും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിന്റെ മുൻപിൽ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഏതെങ്കിലും ഒരു പോർട്ട് വികസിപ്പിക്കാൻ സാദ്ധ്യതയുണ്ട്. അഴീക്കലും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അവിടെ പൈപ്പ് വാങ്ങിയാലുടൻ മണ്ണുമാന്തൽ നടത്തുന്നതാണ്.

(4) സർക്കാർ ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചു കൊടുക്കാനുള്ള നടപടി

ശ്രീ. പി. വിജയദാസ് : സർ, തിരുവനന്തപുരം ജില്ലയിൽ 15 ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. അഴൂർ വില്ലേജിൽ 1783-ാം സർവ്വേ നമ്പരിൽ ഉൾപ്പെട്ടതാണ് ഈ സ്ഥലം. കഴിഞ്ഞ 15 വർഷക്കാലമായി ഈ സ്ഥലം ഒരു സ്വകാര്യ വ്യക്തിക്ക് വ്യവസായത്തിനുവേണ്ടി പാട്ടത്തിന് കൊടുത്തിരുന്നതാണ്. ആ സ്ഥലമാണ് ഇപ്പോൾ പതിച്ചുകൊടുക്കാനുള്ള നടപടി റവന്യൂ ഉദ്യോഗസ്ഥൻമാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഇതേ സർവ്വേ നമ്പരിൽ വെയ്‌ലൂർ ഗവൺമെന്റ് ഹൈസ്ക്കൂൾ ഒന്നരയേക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്നുണ്ട്. ആ ഹൈസ്ക്കൂൾ അപ്പ്ഗ്രേഡ് ചെയ്യുന്നയവസരത്തിൽ അവിടെയുള്ള അപ്പ്ഗ്രേഡിംഗ് കമ്മിറ്റി 1984-ൽ ഈ സ്ഥലത്തിൽ ഒന്നരയേക്കർ സ്ഥലം കൂടി സ്ക്കൂളിനുവേണ്ടി പതിച്ചുകൊടുക്കണമെന്ന് പറഞ്ഞ് തഹസീൽദാർക്ക് അപേക്ഷ കൊടുത്തു. അതിനുള്ള നടപടിയാരംഭിക്കാതെ ഇപ്പോൾ ആ ഭൂമി ഒരു സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി ആരംഭിച്ചിരിക്കുന്നതും ആ തഹസീൽദാർ തന്നെയാണ്. ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ സ്പോൺസറിംഗ് കമ്മിറ്റി ഗവൺമെന്റുമായി ഒരു എഗ്രിമെന്റ് വച്ച് സ്വന്തമായി കെട്ടിടവും ഫർണിച്ചറും ഒന്നരയേക്കർ സ്ഥലവും ഉണ്ടാക്കണം. അവിടെയുള്ള സാധുക്കളായ ആളുകൾ കെട്ടിടവും ഫർണിച്ചറും ഉണ്ടാക്കിക്കൊടുത്തു. ഈ ഒന്നരയേക്കർ സ്ഥലം 15 ഏക്കറിൽ നിന്ന് നൽകണമെന്ന് പറഞ്ഞിട്ട് ഗവൺമെന്റ് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. വിദ്യാഭ്യാസമന്ത്രി സ്ഥലത്ത് ഇല്ലായിരുന്നിട്ട് ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ളയുടെ അടുത്തുപോയി എക്സംപ്ഷൻ വാങ്ങിക്കൊടുത്തിട്ടാണ് ഇപ്പോൾ അവിടെ പത്താം സ്റ്റാൻഡേർഡ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ആ ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചുകൊടുക്കാനുള്ള നടപടി നടത്തിക്കൊണ്ടിരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly